# ഹെബ്രാ 9:16 – 28
# മത്താ 22:41 – 46 (22:41 – 23:22)

നവംബർ 23 : പള്ളിക്കൂദാശ നാലാം ഞായർ

## ഭാഷ്യം

## ഹെബ്രാ 9:16 – 28

### I. സന്ദർഭം

യേശു ക്രിസ്തുവിന്റെ കുരിശുമരണത്തെ ബലിയർപ്പണമായും യേശുവിനെ മഹാപുരോഹിതനുമായിട്ടാണ് ഹെബ്രായലേഖനം അവതരിപ്പിക്കുന്നത്. യഹൂദക്രൈസ്തവർക്ക് മനസ്സിലാകുന്ന ഭാഷയായിരുന്നു അത്. മഹാപുരോഹിതന്റെ ശുശ്രൂഷയുടെ അർത്ഥമെന്തന്ന് ലേവ്യർ 16 വ്യക്തമാകുന്നുണ്ട്. പാപപരിഹാര ദിനത്തിൽ (ഹീബ്രുവിൽ യോം കിപ്പൂർ) നടത്തപ്പെട്ടിരുന്ന പുരോഹിത ശുശ്രൂഷയാണ് പഴയ നിയമത്തിലെ ഏറ്റം പ്രധാനപ്പെട്ട ബലിയർപ്പണം. എന്നാൽ അത് വർഷംതോറും ആവർത്തിക്കേണ്ടിയിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ കുരിശുമരണമാകുന്ന ബലിയർപ്പണം ഒരിക്കൽ മാത്രമുള്ള ഒരുബലിയാണ്. ആ ബലിയർപ്പണം വഴിയായി മനുഷ്യവർഗ്ഗം ദൈവവുമായി രമ്യതപ്പെട്ടുകഴിഞ്ഞു.

### II. പ്രമേയം

1. പഴയനിയമ ബലികളിൽ നിന്ന് വ്യത്യസ്തമായി യേശുവിന്റെ ബലി ഒരിക്കൽ മാത്രം അർപ്പിക്കപ്പെട്ടതാണ്. ഈ ബലിയർപ്പണംവഴി അവിടുന്ന് പാപത്തെ എന്നേക്കുമായി നശിപ്പിച്ചിരിക്കുന്നു.

2. യേശുക്രിസ്തു വീണ്ടും വരും. തന്നെ കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായിട്ടാണ് അവിടുന്ന് വീണ്ടും വരുന്നത്.

3. സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു നമുക്കുവേണ്ടി ദൈവസന്നിധിയിൽ നിലകൊള്ളുന്നു.

## III. സന്ദേശം

1. യേശുക്രിസ്തു ലോകപാപങ്ങളുടെ പരിഹാരമാണ് എന്ന് നമ്മൾ വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു. അതിന്റെ അർത്ഥം എന്താണ്? മനുഷ്യൻ ദൈവത്തിന്റെ കൽപനയെ ധിക്കരിച്ചു പ്രവർത്തിച്ചു എന്നതാണ് മനുഷ്യകുലത്തിന്റെ തിന്മയുടെ സ്വഭാവത്തിനു കാരണമായത്. സ്വതന്ത്രമായ ഇച്ഛാശക്തിയും അറിവും തെരഞ്ഞെടുക്കാനുള്ള കഴിവും ഉണ്ടായിരുന്ന മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചു. ആദിമാതാപിതാക്കളുടെ ഈ പാപത്തിൽ എല്ലാ മനുഷ്യർക്കും പങ്കാളിത്തമുണ്ടായി (റോമാ 5:15-21). ഇതിനു പരിഹാരം ചെയ്ത് സമ്പൂർണ്ണ അനുസരണം വഴി ആദം തുടങ്ങിവച്ച പാപത്തിന്റെ വഴികളിൽ നിന്നു മാറി ദൈവഹിതത്തിന് വിധേയനായി ജീവിക്കേണ്ടത് എങ്ങനെയാണെന്ന് യേശു തന്റെ ജീവിതവും പ്രബോധന ങ്ങളും വഴി നമ്മെ പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ ഈ ജീവിതശൈലിയിൽ പങ്കുചേരുകയും അവിടുന്ന് നമുക്കുവേണ്ടി ചെയ്ത പരിഹാരബലിയിൽ വിശ്വാസമർപ്പിച്ച് അവിടുത്തെ കർത്താവും ദൈവവുമായി അംഗീകരിക്കുമ്പോഴാണ് ഒരാൾ വിശ്വാസത്തിലേക്കു കടന്നു വരുന്നത്.

2. വിശ്വാസം വഴി നീതിമത്ക്കരിക്കപ്പെടുന്നു എന്നു പറയുന്നതിന്റെ അർത്ഥമിതാണ് (റോമാ 3:21-31). യേശുവിനെ ജീവിതത്തിന്റെ കർത്താവും നാഥനും ദൈവവുമായി ഏറ്റു പറയുന്നതോടെ, അനുസരണത്തിന്റെ ജീവിത്തിലേക്കാണ് ഒരാൾ കടന്നുവരുന്നത്. അനുസരണക്കേടിന്റെ ജീവിതമായിരുന്നു ആദത്തിന്റേത്. എന്നാൽ അനുസരണത്തിന്റെ ജീവിതമാണ് യേശുവിന്റേത്. (ഫിലി 2:1-11). ഒരാൾ യേശുവിലേക്ക് തിരിയുമ്പോൾ അയാൾ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു (2 കോറി 5,17). അതാണ് രക്ഷയുടെ അനുഭവം. എന്നാൽ ഇത് മനുഷ്യന്റെ നേട്ടമല്ല. ദൈവത്തിന്റെ കൃപയാണ്. അതിനാലാണ് കൃപയാൽ നമ്മൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് വി.പൗലോസ് പഠിപ്പിക്കുന്നത്. എന്നാൽ വിശ്വാസത്തിന്റെ ഈ ജീവിതം സാഹോദര്യത്തിന്റെ പ്രവൃത്തികളാൽ പ്രകാശിതമാക്കേണ്ടിയിരിക്കുന്നു. അതാണ് പരസ്നേഹത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നത്. വിശ്വാസം പ്രവൃത്തികളാൽ ഫലമണിയുന്നു.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ 22:41-46 (22:41-23:22)

## I. സന്ദർഭം

ദൈവപുത്രനും ക്രിസ്തുവുമായ യേശു (1:1-4:11) ദൈവപുത്രരാകാനുള്ള മാർഗവും സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയും പഠിപ്പിക്കുന്നു (4: 12-11:1). യൂദനേതാക്കൾ അവനോട് നിഷേധാത്മകമായി പ്രതികരിച്ച് അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2-13:52). എന്നാൽ ശിഷ്യന്മാർ അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വാസമർപ്പിക്കുന്നു. വിശ്വസിക്കു

ന്നവരുടെ സമൂഹത്തെ യേശു സഭയായി രൂപപ്പെടുത്തുന്നു (14:1 -18:35). അതിനെത്തുടർന്ന് യൂദപ്രമാണിമാരുമായുള്ള യേശുവിന്റെ അന്തിമസംഘർഷം ആരംഭിക്കുന്നു(19:1-23:39). അതിന്റെ അവസാന ഭാഗത്താണ് ഇന്നത്തെ സുവിശേഷഭാഗം വരുന്നത്.

## II. പ്രമേയം

യേശുവിനെ കുടുക്കാനുള്ള യൂദനേതാക്കളുടെ തുടർച്ചയായ ശ്രമങ്ങൾക്കു ശേഷം (22:15,23,34) യേശു അവരെ തിരിച്ചാക്രമിക്കാൻ തുടങ്ങുന്നതാണ് ഇന്നത്തെ വചനഭാഗം (22:41-23:12). ക്രിസ്തു ദാവീദിന്റെ പുത്രനാണെന്ന ഫരിസേയരുടെ വാദത്തെ യേശു വെല്ലുവിളിക്കുന്നു (22:41 -45). പിന്നീട്, മതപ്രമാണിമാരുടെ പ്രധാന തെറ്റിലേക്ക് യേശു വിരൽ ചൂണ്ടുന്നു (23:1-12).

## III. സന്ദേശം

1. യഹൂദർ പരമ്പരാഗതമായി കരുതിയിരുന്നത് ക്രിസ്തു ദാവീദിന്റെ പുത്രനാണെന്നാണ്. അതിനെയാണ് യേശു ചോദ്യം ചെയ്യുന്നത് (22:41-43); അതിനുശേഷമാണ് ക്രിസ്തുസങ്കല്പത്തെ ദൈവപുത്ര സങ്കൽപമായി വളർത്തിയെടുക്കുന്നത് (22:45). പരമ്പരാഗതമായി കരുതിയിരുന്ന പലതിനെയും വളർത്താനും വലുതാക്കാനുമുള്ള കടമയാണ് നിനക്കുള്ളത്. കൈമാറി കിട്ടിയ പരമ്പരാഗത സമ്പത്തിനോട് നിന്റേതായ സംഭാവനകൾ കൂട്ടിച്ചേർക്കുകയാണ് നിന്റെ ധർമം. അതിലൂടെയാണ് നീ നിന്റെ സംഭാവന ചെയ്യുന്നത്. കുടുംബ നന്മയുടെ കാര്യത്തിലാണെങ്കിലും, സമൂഹ സംസ്ക്കാരത്തിന്റെ കാര്യത്തിലാണെങ്കിലും നാടിന്റെ വളർച്ചയുടെ കാര്യത്തിലാണെങ്കിലും നിന്റെ സംഭാവനകൾ നീ ചെയ്യണം.

2. മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്ന ഫരിസേയരെക്കുറിച്ച് യേശു പറയുന്നത് - അവർ ശരിയായത് പഠിപ്പിക്കുന്നു, എന്നാൽ അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നില്ലെന്നാണ് (23:1-3). വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരമാണ് അവരുടെ പ്രശ്നം. തുടർന്ന് യേശു അവരുടെ നേരെ ശാപവാക്കുകൾ ആവർത്തിക്കുന്നു (23:13-36). നിന്റെ കസേര നിനക്ക് ആധികാരികതയില്ല. മറിച്ച് നിന്റെ പ്രവൃത്തികളാണ് നിനക്ക് ആധികാരികത തരുന്നത്. കസേരയും, ഉദ്യോഗവും, സ്ഥാനവുമൊക്കെ ഒരു നിയമനത്തിലൂടെ മാറിപ്പോകാവുന്നതേയുള്ളു. അതിനാൽ കസേരയുടെ ബലത്തിൽ നീ അമിതമായ ആശ്രയം വയ്ക്കരുത്. മറിച്ച് നിന്റെ പ്രവൃത്തികളെയും ജീവിതത്തെയും നന്മയുള്ളതാക്കുക. എങ്കിൽ കസേര പോയാലും ആളുകൾ നിന്റെ സ്നേഹിക്കും.

3. മനുഷ്യരാൽ കാണപ്പെടാൻ വേണ്ടിയാണ് ഫരിസേയർ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നതെന്നാണ് യേശു കുറ്റപ്പെടുത്തുന്നത് (23:5). മറ്റുള്ളവരുടെ പ്രശംസക്കും അംഗീകാരത്തിനും വേണ്ടിയുള്ള ആഗ്രഹം എന്നും മനുഷ്യന്റെ ബലഹീനതയാണ്. എന്നാൽ അതിനുവേണ്ടി നിന്റെ ജീവിതത്തെ ക്രമപ്പെടു

ത്തുന്നത് അപകടകരമാണ്. മനുഷ്യരുടെ പ്രശംസയേക്കാളുപരി ദൈവത്തിന്റെ അംഗീകാരമായിരിക്കണം നിന്റെ ലക്ഷ്യം. ദൈവതിരുമനസ് ആരായുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടിടത്താണ് നീ ക്രിസ്തു ശിഷ്യനാകുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം: ക്രിസ്തുരാജത്വം

ആരാധനക്രമവത്സരത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് ക്രിസ്തുവിന്റെ രാജത്വതിരുനാൾ അനുസ്മരിക്കുന്നു. മിശിഹായുടെ രാജത്വം ചങ്കുറപ്പോടെ ഏറ്റ് പറഞ്ഞ് അടുത്ത ആരാധനക്രമവത്സരാരംഭത്തിന്റെ പൂമുഖത്ത് ആ രക്ഷകന്റെ പിറവിക്കായി നാം സന്തോഷത്തോടെ കാത്തിരിക്കുന്ന സമയമാണിത്. ഔദ്യോഗികമായ ഒരു തിരുനാളിന്റെ പ്രഖ്യാപന പിൻബലമില്ലാതെ തന്നെ നൂറ്റാണ്ടുകളോളം സഭയുടെ സങ്കല്പത്തിലും വിശ്വാസത്തിലും ക്രിസ്തു സകല ജനപദങ്ങളുടെയും ലോകം മുഴുവന്റെയും രാജാവ് കൂടിയായിരുന്നു. മാത്രമല്ല, രാജാവായ ക്രിസ്തുവിനെ അംഗീകരിക്കുന്നതിൽ അഭിമാനംകൊണ്ട രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ലോകത്തിൽ പലയിടങ്ങളിലും ദൃശ്യവുമായിരുന്നു. പക്ഷേ, 20–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ ക്രിസ്തുവിന്റെ ലോകത്തിലെ വാഴ്‌വിനെ തകിടം മറിക്കുന്ന പലതിനും സാക്ഷ്യം വഹിച്ചു.

1917 ലെ സോവിയറ്റ് റഷ്യയിലെ കമ്മ്യൂണിസറ്റ് വിപ്ലവത്തെ തുടർന്നുണ്ടായ മതങ്ങളുടെ നിരാസങ്ങൾ, യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ ഉയർന്ന് വന്ന ഇടത് - വലത് പക്ഷ മതവിരുദ്ധ വിപ്ലവ സിദ്ധാന്തങ്ങൾ, മുളപൊട്ടിയ ജർമനിയിലെ നാസി പാർട്ടിയെയും ഇറ്റലിയിലെ ഫാസിസ്റ്റ് പ്രസ്ഥാനത്തെയും കുറിച്ചുള്ള ആശങ്കകൾ, സ്പാനിഷ് സിവിൽ യുദ്ധത്തിന്റെ കരിനിഴൽ, ക്രിസ്തീയ വിശ്വാസികളിൽ ഉടലെടുത്ത ക്രിസ്തുവിന്റെയും സഭയുടെയും അധികാരത്തെക്കുറിച്ചുള്ള സംശയങ്ങൾ ചുരുക്കത്തിൽ ദൈവം ഇല്ലാത്തതും ക്രിസ്തു ഭരിക്കുന്നതുമായ ഒരു രാജ്യത്തെ സ്വേച്ഛാധിപതികളായ ഭരണധികാരികൾ സ്വപ്നം കണ്ടു. യൂറോപ്പ് മുഴുവനും ഒരു God - Free ലോകത്തിലേക്ക് വഴുതിവീഴുമെന്ന അപകടകരമായ അവസ്ഥ സംജാതമായി. നോർത്ത് അമേരിക്കയിലെ സ്ഥിതി അതിലും കിരാതമായിരുന്നു, പ്രത്യേകിച്ച് മെക്സിക്കോയിൽ. സോവിയറ്റ് റഷ്യയിലെ മാതൃകയിൽ മെക്സിക്കൻ ഭരണകൂടം സഭയ്ക്കും പുരോഹിതന്മാർക്കുമെതിരെ എല്ലാത്തര പീഢനങ്ങളും അഴിച്ച് വിട്ടിരുന്നു. പൊതുസ്ഥലത്ത് ദിവ്യബലി അർപ്പിക്കുന്നത് കുറ്റമായി കണക്കാക്കി. ആയിരക്കണക്കിന് കത്തോലിക്കാ വിശ്വാസികളെ കൊന്നൊടുക്കി. മരണമുഖത്തേക്കടുത്ത വിശ്വസികൾ ഒന്നടങ്കം ആവേശത്തോടെ വിളിച്ചു പറഞ്ഞു: “നീണാൽ വാഴട്ടെ ക്രിസ്തു രാജൻ.” അവരെല്ലാവരും ഇന്ന് സഭയിലെ രക്തസാക്ഷികളും. അക്കൂട്ടത്തിൽ രക്തസാക്ഷിത്വം വരിച്ച മെക്സി

ക്കൻ ജെസ്യൂട്ട് വൈദികൻ മിഖേൽ പ്രോയെ 1988 ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ വാഴ്ത്തപ്പെട്ടവനായും പ്രഖ്യാപിച്ചു. പട്ടാളക്കാരുടെ തോക്കിന് മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കണമെന്ന അവസാനത്തെ ആഗ്രഹം നിറ വേറ്റി അവരുടെ നേരെ കുരിശാകൃതിയിൽ കൈ വിരിച്ച് പിടിച്ച് 36 വയ സ്സുള്ള വിശുദ്ധനായ വൈദികൻ നെഞ്ചിൽ വെടിയുണ്ടകൾ ഏറ്റ് വാങ്ങിയ പ്പോൾ ആ നാവിൽ നിന്നുയർന്ന് പൊങ്ങിയതും "നീണാൽ വാഴട്ടെ ക്രിസ്തു രാജൻ" എന്ന് തന്നെയാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളാൽ ക്രിസ്തുവും സഭയും നേരിടുന്ന പീഢ നങ്ങൾ തിരിച്ചറിഞ്ഞ ദൈവത്തിന്റെ അരൂപി നിറഞ്ഞ പീയൂസ് പതിനൊ ന്നാമൻ പാപ്പാ 1925-ൽ Quas Primas എന്നെ തിരുവെഴുത്തിലൂടെ യേശു ലോകം മുഴുവൻ ഭരിക്കുന്ന രാജാവായ ദൈവപുത്രനാണെന്ന് ആസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ക്രിസ്തുവിന്റെ രാജത്വതിരുനാൾ അവിടുത്തെ രാജത്വം മനു ഷ്യർക്കിടയിൽ ഉറക്കെ പ്രഘോഷിക്കാനുള്ള അവസരമായി മാറ്റാൻ വിശ്വാ സികളെ ഉദ്ബോധിപ്പിച്ചു. തന്റെ പ്രബോധനത്തിൽ പാപ്പാ മൂന്ന് കാര്യങ്ങൾ അടിവരയിട്ട് പറഞ്ഞു: 1. സഭയ്ക്ക് ക്രിസ്തുവിനെ പ്രഘോഷിക്കാനും ഭര ണകൂട ഭീകരതയിൽ നിന്നുമുള്ള സ്വാതന്ത്ര്യം. 2. ക്രിസ്തുവിനെയും സഭ യെയും ആദരിക്കാനും ബഹുമാനിക്കാനുമുള്ള രാഷ്ട്രത്തിന്റെയും ഭരണാ ധിപന്മാരുടെയും കടമ. 3. വിശ്വാസികൾക്ക് ധൈര്യവും ശക്തിയും സംഭരി ക്കാനും ജീവിതങ്ങളെ ക്രിസ്തുവിനാൽ ഭരിക്കപ്പെടാനുമുള്ള ആഗ്രഹത്തി ന്റെയും തീരുമാനത്തിന്റെയും പുതുക്കൽ.

ആധുനിക കാലഘട്ടം ഈശോയുടെ രാജത്വതിരുനാളിന്റെ പുനർ പ്രഖ്യാ പനം എന്നത്തേതിനേക്കാളും ഗൗരവമായി ആവശ്യപ്പെടുന്നുണ്ട്. സഭയുടെ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന സെക്കുലർ സിദ്ധാന്തങ്ങൾ, അന്ധവി ശ്വാസങ്ങൾ, നിരീശ്വരവാദ പ്രസ്ഥാനങ്ങൾ, വംശീയ ഉന്മൂലനങ്ങൾ, മതപീ ഢനങ്ങൾ, ഭീകരവാദ പ്രവർത്തനങ്ങൾ, ദൈവനിന്ദകൾ, ഭരണകൂട ഭീകരത കൾ, ദൈവത്തെ വില്പനചരക്കാക്കുന്ന കച്ചവട കണക്ക് കൂട്ടലുകൾ, ക്രിസ്തു ഒരു സ്വകാര്യ സമ്പത്തും വിശ്വാസം വ്യക്തിയുടെ സ്വകാര്യ ഇടവുമാകണ മെന്ന ആഗോളവത്ക്കരണ പ്രലോഭനങ്ങൾ, അതിര് കടന്ന ദൈവനിഷേധ വ്യക്തിസ്വതന്ത്ര സങ്കല്പങ്ങൾ, സഭയുടെ നിലനില്പിനെയും അധികാര ത്തെയും കുറിച്ചുള്ള സംശയങ്ങൾ... നമ്മുടെ ചുറ്റുപാടുകളിലെ ക്രിസ്തുവി രുദ്ധ നിലപാടുകളുടെ ലക്ഷണങ്ങളാണവ. യേശു രാജാവായി ഭരിക്കുന്നതി നേക്കാൾ മരിക്കുന്ന നിമിഷങ്ങളാണത്. ദാവീദ് ആത്മാവിനാൽ പ്രചോദിത നായപ്പോഴാണ് ദൈവപുത്രന്റെ രാജത്വം തിരിച്ചറിയുന്നത് (മത്താ 22:43). ആത്മാ വിന്റെ വെളിച്ചം നിറഞ്ഞ ഒരുവന്റെ ജീവിതത്തിലാണ് ക്രിസ്തുവിന്റെ ഭര ണവും അധീശത്വവും തിരിച്ചറിയൂ. ക്രിസ്തു രാജാവാണെന്ന സങ്കല്പത്തെ ഏറ്റ് പറയുന്ന നിരവധി സന്ദർഭങ്ങൾ വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിലു

ണ്ട്.

യേശു അവതരിപ്പിച്ച ദൈവരാജ്യവും രാജത്വവും പൂർണമായി മനസിലാക്കാൻ സാധിക്കാതെ പോയെന്നുള്ള നിരവധി സൂചനകളും നാം ബൈബിളിൽ കണ്ടെത്തുന്നു. ഈശോയുടെ രാജത്വത്തെ ഒരു ദേശത്തിലേക്കും, കാലത്തിലേക്കും, വംശത്തിലേക്കും ഒതുക്കാനുള്ള പ്രലോഭനങ്ങൾ അവന്റെ കാലത്ത് സജീവമായിരുന്നു. യഹൂദരെയും വിജാതിയരെയും റോമൻ അധീനതയിൽ നിന്ന് മോചിപ്പിക്കാനുള്ള ഒരു 'രാഷ്ട്രീയ രക്ഷകൻ' അല്ലെങ്കിൽ ഒരു നാടൻ രാജാവിനെ സ്വപ്നം കാണാനുള്ള ചെറിയ മനസ്സേ അവന്റെ കാലത്തിനുണ്ടായിരുന്നുള്ളൂ. ക്രിസ്തുവിന്റെ രാജത്വം പൂർണ വിശ്വസ്തതയോടെ അവതരിപ്പിക്കുന്നതിൽ സഭയുടെയും നമ്മുടെയും വിശ്വാസ സാക്ഷ്യ ചരിത്രത്തിൽ വികലതകൾ കടന്ന് കൂടിയിട്ടുണ്ട്, പലപ്പോഴും കാലിടറിയിട്ടുമുണ്ട്. ഈശോയെന്ന രാജാവിനെ സ്വേച്ഛാധിപതിയായും, കുരിശു യുദ്ധം നടത്തുന്ന യോദ്ധാവായും, മറ്റ് മതങ്ങളെ കീഴടക്കുന്നവനായും, ന മ്മുടെ മാത്രം കുത്തകയായും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ചരിത്രത്തിൽ സംഭവിച്ചതും സംഭവിച്ച് കൊണ്ടിരിക്കുന്നതുമായ ഇത്തരം തെറ്റുകളെ തിരിച്ചറിയേണ്ട നിമിഷമാണിത്.

ക്രിസ്തു തന്റെ രാജത്വത്തെക്കുറിച്ചുള്ള ധാരണകളെ പുനർനിർവചിക്കുകയും മാറ്റിമറിക്കുകയും ചെയ്തു. വിപ്ലവകരമായ ഒരു രാജത്വവും ദൈവരാജ്യവും സാക്ഷാത്ക്കരിച്ചതിന്റെ അവകാശിയാണ് ഈശോ. ഭൂമിയിൽ എല്ലാ രാജാക്കന്മാരും ജനിച്ച് വീഴുന്നത് ആഢംബരങ്ങളിലാണ്. എന്നാൽ ക്രിസ്തു എന്ന രാജാവ് പിറന്നത് ദാരിദ്ര്യത്തിലാണ്. എല്ലാ രാജക്കന്മാരും ജനിക്കുന്നത് ഭരിക്കാനാണ്, ക്രിസ്തു ജനിച്ചത് ശുശ്രൂഷിക്കാനാണ്. ഓരോ രാജാവും ഭരിച്ചത് ശക്തിയും അധികാരവും അധീശത്വവും സ്ഥാപിച്ച് കൊണ്ടാണെങ്കിൽ, ക്രിസ്തു ശുശ്രൂഷിച്ചത് സ്നേഹം, കാരുണ്യം, സമാധാനം, വിനയം എന്നിവ കൊണ്ടുമാണ്. എല്ലാ രാജാക്കന്മാരും അധികാരത്തിന്റെ സിംഹാസനങ്ങൾ സ്വന്തമായുണ്ടായിരുന്നു, ക്രിസ്തുവിന് സേവനത്തിന്റെ ആസ്ഥാന പീഠം കുരിശായിരുന്നു. ഒരു രാജാവും യുദ്ധങ്ങളിൽ ബോധപൂർവം സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയില്ല, ക്രിസ്തു സ്വന്തം ജീവൻ കുരിശിൽ ബലിയായി നൽകി നമ്മെ രക്ഷിച്ചു. രാജ്യത്തിലെ ഒന്നാമൻ എന്നും രാജാവായിരുന്നു, എന്നാൽ ക്രിസ്തു അവന്റെ രാജസങ്കല്പത്തിൽ അവസാനത്തവനും ദാസനുമായിരുന്നു. രാജാക്കന്മാർ കയ്യൂക്കും ഭീഷണികൊണ്ടും രാജ്യങ്ങൾ കീഴടക്കിയപ്പോൾ ക്രിസ്തു സ്നേഹം കൊണ്ട് ഹൃദയങ്ങൾ കീഴടക്കി. യേശുവിന്റെ രാജ്യത്തിൽ പ്രബലന്മാർക്കായിരുന്നില്ല മുൻഗണന, മറിച്ച് ബലമില്ലാത്തവനും, ദരിദ്രനും പാപിക്കും അവഗണിക്കപ്പെട്ടവനുമായിരുന്നു. ചരിത്രത്തിൽ ഇന്നുവരെ ഒരു രാജാവും ഇത്രയേറെ അപമാനിതനും പരാജിതനുമായി എണ്ണപ്പെട്ടിട്ടുണ്ടാവുകയില്ല. ചുരുക്കത്തിൽ ഭൂമിയും സ്വർഗ്ഗവും ക്രിസ്തു എന്ന

'മഹാ രാജാവിന്' കടപ്പെട്ടിരിക്കുന്നു (മത്താ 28:18). യേശുവിന്റെ രാജ്യവും രാജത്വവും വേറിട്ടതും വിപ്ലവകരവുമാണെങ്കിൽ ആ മനോഭാവങ്ങൾ നമ്മുടെയും സ്വന്തമാകണം. ദൈവരാജ്യം പ്രഘോഷിക്കേണ്ടവരും സാക്ഷാത്ക്കരിക്കേണ്ടവരുമാണ് നാം. ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുപറ്റാനും അതിന്റെ സഹകാരികളാകാനും വിളിക്കപ്പെട്ടവരുമാണ് നാം. ആധുനിക കാലഘട്ടത്തിൽ 'പേപ്പസിയെന്ന ആഡംബരത്തെ' പുനർ നിർവചിച്ച് കൊണ്ടിരിക്കുന്ന ഫ്രാൻസീസ് പാപ്പായുടെ മാതൃക ക്രിസ്തുവിന്റെ വിപ്ലവ രാജ്യത്തിന്റെ നവ സങ്കല്പങ്ങളെ കർമപഥത്തിലാക്കാൻ നമുക്ക് പ്രചോദനമാകും.

**ഫാ. ഷിനു ഉതുപ്പാൻ**